# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1550 — 11-08-2017 ൽ മറുപടിയ്ക്ക്

## കേന്ദ്ര ഹജ്ജ് കമ്മിറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി.എ.റഹീം** | | **ഡോ.കെ.ടി.ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** | |
| എ) | ഓരോ വർഷവും കേന്ദ്ര ഹജ്ജ് കമ്മിറ്റി, ഹജ്ജ് ഒരുക്കങ്ങൾ ചർച്ച ചെയ്യുന്നതിനായി, കേന്ദ്ര മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ കമ്മിറ്റി പ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടാറുണ്ടോ; | എ) | ഓരോ ഹജ്ജ് കഴിഞ്ഞ ശേഷവും 'ആന്വൽ ഹജ്ജ് കോൺഫറൻസ് മീറ്റിംഗ് നടക്കാറുണ്ട്. പ്രസ്തുത മീറ്റിംഗിൽ കഴിഞ്ഞ ഹജ്ജിന്റെ റിവ്യൂവും വരാനുള്ള ഹജ്ജിന്റെ ഒരുക്കങ്ങളും ചർച്ച ചെയ്യാറുണ്ട്. 2017 മെയ് മാസത്തിലാണ് മീറ്റിംഗ് നടന്നത്. |
| ബി) | എങ്കിൽ ഈ വർഷം ഇതിനായി കേന്ദ്ര ഹജ്ജ് കമ്മിറ്റി വിളിച്ചുകൂട്ടിയ യോഗത്തിൽ കേരളത്തെ പ്രതിനിധീകരിച്ചത് ആരെല്ലാമാണ്; | ബി) | കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാനും, എക്സിക്യൂട്ടീവ് ഓഫീസറെ പ്രതിനിധീകരിച്ച് അസിസ്റ്റന്റ് സെക്രട്ടറിയുമാണ് ഇത്തവണത്തെ ആന്വൽ ഹജ്ജ് കോൺഫറൻസിൽ പങ്കെടുത്തത്. പ്രസ്തുത യോഗത്തിൽ 2016 ലെ ഹജ്ജിന്റെ റിവ്യൂവും, 2017 ൽ വരാനിരിക്കുന്ന ഹജ്ജിന്റെ ഒരുക്കങ്ങളും ചർച്ച ചെയ്തു. |
| സി) | കോഴിക്കോട് എംബാർകേഷൻ പോയന്റ് പുനസ്ഥാപിക്കണമെന്നതു സംബന്ധിച്ച് പ്രസ്തുത കമ്മിറ്റിയിൽ ഏതെങ്കിലും ചർച്ചകൾ നടന്നിരുന്നുവോ എന്നും അതിന്മേൽ ഏതെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ? | സി) | കോഴിക്കോട് എംബാർക്കേഷൻ പോയന്റ് പുനസ്ഥാപിക്കണമെന്ന് പ്രസ്തുത മീറ്റിംഗിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര ന്യൂനപക്ഷ കാര്യമന്ത്രി, വകുപ്പ് ജോയിന്റ് സെക്രട്ടറി എന്നിവർക്ക് നേരിട്ട് മെമ്മോറാണ്ടം നൽകിയിട്ടുണ്ട്. അടുത്ത വർഷം എംബാർക്കേഷൻ പോയിന്റ് കരിപ്പൂരിലേയ്ക്ക് മാറ്റുന്നതാണെന്ന് മറുപടി പ്രസംഗത്തിൽ മന്ത്രി സൂചിപ്പിച്ചിരുന്നു. |

Deepak

സെക്ഷൻ ഓഫീസർ